സൂറഃ-9

# അത്തൗബ

أَمْ حَسِبْتُمْ أَن تُتْرَكُوا۟ وَلَمَّا يَعْلَمِ ٱللَّهُ ٱلَّذِينَ جَـٰهَدُوا۟ مِنكُمْ وَلَمْ يَتَّخِذُوا۟
مِن دُونِ ٱللَّهِ وَلَا رَسُولِهِۦ وَلَا ٱلْمُؤْمِنِينَ وَلِيجَةً ۚ وَٱللَّهُ خَبِيرٌۢ بِمَا تَعْمَلُونَ
﴿١٦﴾

**16.** നിങ്ങൾ വെറുതെ വിട്ടയക്കപ്പെടുമെന്ന് വിചാരിച്ചുവോ, നിങ്ങളിൽ ദൈവികസരണിയിൽ സമരം ചെയ്യുന്നവരാരെന്നും അല്ലാഹുവിനെയും അവന്റെ ദൂതനെയും സത്യവിശ്വാസികളെയുമല്ലാതെ മറ്റാരെയും ആത്മമിത്രമായി സ്വീകരിച്ചിട്ടില്ലാത്തവരാരെന്നും അല്ലാഹു ഇനിയും കണ്ടറിഞ്ഞിട്ടില്ലെന്നിരിക്കെ? അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതൊക്കെയും സൂക്ഷ്മമായി അറിയുന്നവനാകുന്നു.

مَا كَانَ لِلْمُشْرِكِينَ أَن يَعْمُرُوا۟ مَسَـٰجِدَ ٱللَّهِ شَـٰهِدِينَ عَلَىٰٓ أَنفُسِهِم
بِٱلْكُفْرِ ۚ أُو۟لَـٰٓئِكَ حَبِطَتْ أَعْمَـٰلُهُمْ وَفِى ٱلنَّارِ هُمْ خَـٰلِدُونَ ﴿١٧﴾

**17.** അല്ലാഹുവിന്റെ പള്ളികൾ പരിപാലിക്കാൻ വിഗ്രഹാരാധകർക്ക് അവകാശമില്ലാത്തതാകുന്നു–അവർ സ്വയം ധർമനിഷേധത്തിന്റെ സാക്ഷികളായിരിക്കെ. അക്കൂട്ടരുടെ കർമങ്ങളൊക്കെയും നശിച്ചുപോയിരിക്കുന്നു. നരകത്തിലാവട്ടെ, അവർ നിത്യവാസികളുമാകുന്നു.

إِنَّمَا يَعْمُرُ مَسَـٰجِدَ ٱللَّهِ مَنْ ءَامَنَ بِٱللَّهِ وَٱلْيَوْمِ ٱلْـَٔاخِرِ وَأَقَامَ ٱلصَّلَوٰةَ وَءَاتَى
ٱلزَّكَوٰةَ وَلَمْ يَخْشَ إِلَّا ٱللَّهَ ۖ فَعَسَىٰٓ أُو۟لَـٰٓئِكَ أَن يَكُونُوا۟ مِنَ ٱلْمُهْتَدِينَ ﴿١٨﴾

**18.** അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുകയും മുറപ്രകാരം നമസ്കരിക്കുകയും സകാത്ത് കൊടുക്കുകയും അല്ലാഹുവിനെയല്ലാതെ മറ്റാരെയും ഭയപ്പെടാതിരിക്കുകയും ചെയ്യുന്നവർക്കു മാത്രമുള്ളതാകുന്നു, അല്ലാഹുവിന്റെ പള്ളികൾ പരിപാലിക്കാനുള്ള അവകാശം. അങ്ങനെയുള്ളവർ സന്മാർഗലബ്ധരാകുമെന്നു പ്രതീക്ഷിക്കാം.

| | |
|---|---|
| أَمْ حَسِبْتُمْ | അല്ല, നിങ്ങൾ വിചാരിച്ചുവോ? |
| أَن تُتْرَكُوا۟ | നിങ്ങൾ ഉപേക്ഷിക്ക(വെറുതെ വിട്ടയക്ക)പ്പെടുമെന്ന് |
| وَلَمَّا يَعْلَمِ ٱللَّهُ | അല്ലാഹു (ഇനിയും കണ്ട്) അറിഞ്ഞിട്ടില്ല എന്നിരിക്കെ |
| ٱلَّذِينَ جَـٰهَدُوا۟ | സമരം ചെയ്യുന്നവരെ |
| مِنكُمْ | നിങ്ങളിൽനിന്ന്(നിങ്ങളുടെ കൂട്ടത്തിൽ) |
| وَلَمْ يَتَّخِذُوا۟ | സ്വീകരിച്ചിട്ടില്ലാത്തവരെയും |
| مِن دُونِ ٱللَّهِ | അല്ലാഹുവിനെ കൂടാതെ |
| وَلَا رَسُولِهِۦ | അവന്റെ ദൂതനെയും കൂടാതെ |
| وَلَا ٱلْمُؤْمِنِينَ | സത്യവിശ്വാസികളെയും കൂടാതെ |
| وَلِيجَةً | ആത്മമിത്രമായിട്ട് |
| وَٱللَّهُ خَبِيرٌۢ | അല്ലാഹു സൂക്ഷ്മമായി അറിയുന്നവനാകുന്നു |
| بِمَا تَعْمَلُونَ | നിങ്ങൾ പ്രവർത്തിക്കുന്നത്(ഒക്കെയും) |
| مَا كَانَ لِلْمُشْرِكِينَ | വിഗ്രഹാരാധകർക്ക് (അവകാശം) ഇല്ലാത്തതാകുന്നു |
| أَن يَعْمُرُوا۟ | അവർ പരിപാലിക്കാൻ, വസിക്കാൻ |
| مَسَـٰجِدَ ٱللَّهِ | അല്ലാഹുവിന്റെ പള്ളികൾ |
| شَـٰهِدِينَ | അവർ സാക്ഷികളായിരിക്കെ |
| عَلَىٰٓ أَنفُسِهِم | (സ്വയം) അവർക്കെതിരെ തന്നെ |
| بِٱلْكُفْرِ | സത്യ, ധർമ നിഷേധത്തിന് |
| أُو۟لَـٰٓئِكَ | അക്കൂട്ടർ |
| حَبِطَتْ | നശിച്ചുപോയിരിക്കുന്നു |

أَعۡمَـٰلُهُمۡ = അവരുടെ കർമങ്ങൾ (ഒക്കെയും) وَفِى ٱلنَّارِ = നരകത്തിൽ (ആവട്ടെ) هُمۡ = അവർ خَـٰلِدُونَ = നിത്യവാസികളാകുന്നു
إِنَّمَا يَعۡمُرُ مَسَـٰجِدَ ٱللَّـهِ = അല്ലാഹുവിന്റെ പള്ളികൾ പരിപാലിക്കും (പാലിക്കാനുള്ള അവകാശം)
مَنۡ ءَامَنَ بِٱللَّهِ = അല്ലാഹുവിൽ വിശ്വസിച്ചവർ (വിശ്വസിക്കുകയും) وَٱلۡيَوۡمِ ٱلۡأٓخِرِ = അന്ത്യനാളിലും (വിശ്വസിക്കുകയും)
وَأَقَامَ ٱلصَّلَوٰةَ = നമസ്കാരം നിലനിർത്തി(മുറപ്രകാരം നമസ്കരിക്കുക)യും وَءَاتَـى ٱلزَّكَـوٰةَ = സകാത്ത് കൊടു(ക്കുകയും)ത്തു
وَلَـمۡ يَخۡشَ = ഭയപ്പെട്ടില്ല (ഭയപ്പെടാതിരിക്കുകയും ചെയ്യുന്നവർ മാത്രമാകുന്നു) إِلَّا ٱللَّـهَۖ = അല്ലാഹുവിനെയല്ലാതെ (മറ്റാരെയും)
فَعَسَـىٰٓ = പ്രതീക്ഷിക്കാം أُوْلَـٰٓئِكَ = അങ്ങനെയുള്ളവർ أَن يَكُونُواْ = അവർ ആകുമെന്ന്
مِنَ ٱلۡمُهۡتَدِينَ = സന്മാർഗം പ്രാപിച്ചവരിൽപെട്ടവർ (സന്മാർഗലബ്ധർ)

**16:** ഇതേ ആശയം നേരത്തെ സൂറ *അൽബഖറ* 214-ാം സൂക്തത്തിലും *ആലുഇംറാൻ* 142-ാം സൂക്തത്തിലും അവതരിപ്പിച്ചിട്ടുണ്ട്.

أَمۡ حَسِبۡتُمۡ أَن تَدۡخُلُواْ ٱلۡجَنَّةَ وَلَمَّا يَأۡتِكُم مَّثَلُ ٱلَّذِينَ خَلَوۡاْ مِن قَبۡلِكُمۖ مَّسَّتۡهُمُ ٱلۡبَأۡسَآءُ وَٱلضَّرَّآءُ وَزُلۡزِلُواْ حَتَّىٰ يَقُولَ ٱلرَّسُولُ وَٱلَّذِينَ ءَامَنُواْ مَعَهُۥ مَتَىٰ نَصۡرُ ٱللَّهِۗ أَلَآ إِنَّ نَصۡرَ ٱللَّهِ قَرِيبٞ ﴿٢١٤﴾

(അതല്ല, നിങ്ങൾ സ്വർഗത്തിൽ പ്രവേശിച്ചുകളയാമെന്ന് വിചാരിക്കുകയാണോ, നിങ്ങളുടെ മുൻഗാമികളായ സത്യവാഹകരെ ബാധിച്ചതൊന്നും നിങ്ങളെ ബാധിച്ചിട്ടില്ലെന്നിരിക്കെ? അവരെ പീഡകളും വിപത്തുകളും ബാധിച്ചിരുന്നു. അതതുകാലത്തെ ദൈവദൂതനും കൂടെയുള്ള വിശ്വാസികളും ദൈവസഹായം എപ്പോഴാണ് വന്നെത്തുക എന്നു വിലപിക്കുവോളം അവർ വിറപ്പിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. അറിയുക, അല്ലാഹുവിന്റെ സഹായം ആസന്നമായിരിക്കുന്നു- 2: 214).

أَمۡ حَسِبۡتُمۡ أَن تَدۡخُلُواْ ٱلۡجَنَّةَ وَلَمَّا يَعۡلَمِ ٱللَّهُ ٱلَّذِينَ جَـٰهَدُواْ مِنكُمۡ وَيَعۡلَمَ ٱلصَّـٰبِرِينَ ﴿١٤٢﴾

(നിങ്ങൾ അനായാസം സ്വർഗത്തിൽ കടന്നുകളയാമെന്ന് കരുതുന്നുവോ, നിങ്ങളിൽ ധർമസംസ്ഥാപനാർഥം സമരം ചെയ്യുന്നവരാരെന്നും പ്രതിസന്ധിഘട്ടങ്ങളിൽ ആ മാർഗത്തിൽ സ്ഥൈര്യത്തോടെ നിലകൊള്ളുന്നവരാരെന്നും അല്ലാഹു ഇനിയും കണ്ടറിഞ്ഞു കഴിഞ്ഞിട്ടില്ലെന്നിരിക്കെ? -3:142). വിശദീകരണം പ്രസ്തുത സൂക്തങ്ങൾക്കു താഴെ വായിക്കുക.

മുൻ സൂക്തങ്ങൾ സൂചിപ്പിച്ച, ജാഹിലീ ഗോത്രങ്ങളോടുള്ള കൂറിൽനിന്നു പൂർണമായി മുക്തരായിട്ടില്ലാത്ത, അവരുമായി യുദ്ധത്തിലേർപ്പെടാൻ മടിക്കുന്ന വിശ്വാസികളെയാണ് ഇവിടെ സംബോധന ചെയ്യുന്നത്. ഇത്തരം ആളുകൾക്ക് നല്ലൊരു ഉദാഹരണമാണ് ബുഖാരിയും മുസ്‌ലിമും ഉദ്ധരിക്കുന്ന ഹാത്വിം ഇബ്നു അബീബൽതഅ സംഭവം. ബദ്റിൽ പങ്കെടുത്ത് പോരാടിയ സ്വഹാബിയാണ് ഹാത്വിം. എങ്കിലും മക്കയിലെ വിഗ്രഹാരാധകരുമായി അദ്ദേഹത്തിന് നല്ല ബന്ധമുണ്ടായിരുന്നു. ഹുദൈബിയാസന്ധി ലംഘനത്തെത്തുടർന്ന് പ്രവാചകൻ ഖുറൈശികൾക്കെതിരെ പുറപ്പെടാൻ തീരുമാനിച്ചപ്പോൾ ഹാത്വിം ആ വിവരം രഹസ്യമായി മക്കയിലെ തന്റെ സുഹൃത്തുക്കളെ എഴുതി അറിയിച്ചു. ഖുറൈശികൾ മക്കയിലുള്ള തന്റെ ബന്ധുക്കളെയും സ്വത്തുക്കളെയും ആക്രമിക്കാതിരിക്കാൻ അതുപകരിക്കുമെന്ന് അദ്ദേഹം കരുതി. ബദ്റിൽ പങ്കെടുത്ത സ്വഹാബി പോലും ഇങ്ങനെ ചിന്തിച്ചുവെങ്കിൽ നാമമാത്ര വിശ്വാസികളുടെയും കപട വിശ്വാസികളുടെയും അവസ്ഥ ഊഹിക്കാവുന്നതാണ്. താൻ മുസ്‌ലിമാണ് എന്ന് പറയുന്നതോടെ മുസ്‌ലിംകൾക്ക് വാഗ്ദത്തം ചെയ്യപ്പെട്ട ഇഹപര നേട്ടങ്ങൾക്ക് അർഹരായിക്കഴിഞ്ഞു എന്നു വ്യാമോഹിക്കുകയായിരുന്നു അവർ. ആ ധാരണയെ അസന്ദിഗ്ധമായി നിഷേധിക്കുകയാണീ സൂക്തം.

ഇവിടെ ജിഹാദിനോടൊപ്പം അല്ലാഹുവും റസൂലും സത്യവിശ്വാസികളും അല്ലാത്തവരെ ആത്മമിത്രങ്ങളായി സ്വീകരിക്കാതിരിക്കൽ പ്രസ്താവിച്ചിരിക്കുന്നത് ഏറെ ശ്രദ്ധേയമാണ്. ജിഹാദുപോലെ തന്നെ പ്രധാനമാണ് ജിഹാദിന്റെ സ്പിരിറ്റിന് നിരക്കാത്ത ബന്ധങ്ങൾ വർജിക്കുക എന്നതും. ധർമസമരത്തിലേർപ്പെടുന്നവർക്ക് ഏറ്റവും പ്രിയപ്പെട്ടവർ, ധർമശാസ്താവായ അല്ലാഹുവും അവന്റെ ദൂതനും പിന്നെ വിശ്വാസികളുമായിരിക്കണം. വിശ്വാസികളുടെ ഏറ്റവും ബലിഷ്ഠമായ അവലംബങ്ങളും അവർ തന്നെ. നൂണ്ടുകടന്നു, നുഴഞ്ഞു കടന്നു എന്നർഥമുള്ള وَلِج യിൽനിന്നുള്ളതാണ് وَلِيجَةً. രഹസ്യമായി ചെയ്തുവെച്ച പണി എന്നും, ഉള്ളുകള്ളികളറിയുന്ന ഉറ്റ ചങ്ങാതി എന്നും അതിനർഥമുണ്ട്. ഇസ്‌ലാമിന്റെ ശത്രുക്കളുമായി കലവറയില്ലാത്ത ആത്മബന്ധമുണ്ടാക്കുന്നതിനെയും രഹസ്യമായി ശത്രുക്കളുടെ താൽപര്യം സംരക്ഷിക്കുന്നതിനെയുമാണ് ഈ പദം കൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നത്. ഇസ്‌ലാമിനോട് യുദ്ധം ചെയ്യുന്നവരെ ആത്മമിത്രങ്ങളായി സ്വീകരിച്ചുകൊണ്ട് ഒരു വിശ്വാസിക്കും അവരോട് യുദ്ധം ചെയ്യാനാവില്ല.

ഇവിടെ നിരോധിക്കുന്നത് സാധാരണ സാഹചര്യത്തിലുണ്ടാകുന്ന മാനുഷിക ബന്ധങ്ങളല്ല എന്ന് പ്രത്യേകം ഓർക്കേണ്ടതാണ്. ദീനുൽ ഇസ്‌ലാമിന്റെ ശത്രുക്കൾ ഇസ്‌ലാമിനോട് യുദ്ധം ചെയ്തുകൊണ്ടിരിക്കുമ്പോൾ അവരുടെ കൂട്ടത്തിൽ നിന്നുള്ളവരെ എല്ലാ ഉള്ളുകള്ളികളും അറിയുന്ന ആത്മമിത്രങ്ങളായി സ്വീകരിക്കുന്നതിനെയാണ് വിലക്കുന്നത്. വിശ്വാസികളും അവിശ്വാസികളും സമാധാനപരമായി സഹവർത്തിക്കുന്ന സാഹചര്യങ്ങളിൽ ഈ നിരോധം ബാധകമാകുന്നില്ല. സമാധാന സന്ധികൾ പാലിക്കപ്പെട്ടിരുന്ന കാലത്ത് മദീനയിലെ വിശ്വാസികൾ അവിശ്വാസികളുമായി നല്ല ബന്ധം പുലർത്തിയിരുന്നു. ഹാത്വിം ഇബ്നു അബീബൽതഅയെ പോലുള്ള പലരും അവിശ്വാസി ഗോത്രങ്ങളുമായി മൈത്രിയിലായിരുന്നു. അവർക്ക് അവിശ്വാസി ഗോത്രങ്ങളിൽ സാമ്പത്തിക താൽപര്യങ്ങളും ഉണ്ടായിരുന്നു. നബി(സ) മദീനയിലെ യഹൂദരുമായി സാമ്പത്തിക ഇടപാടുകൾ തുടർന്നുവന്നിരുന്നു. അതിനാൽ സാധാരണ സന്ദർഭങ്ങളിൽ -ബഹുമത സമൂഹങ്ങളിൽ വിശേഷിച്ചും- മുസ്‌ലിംകൾ അമുസ്‌ലിംകളുമായി സുഹൃദ്ബന്ധം സ്ഥാപിക്കുന്നതോ ഇടപാടുകളിൽ പങ്കാളികളാകുന്നതോ ഇത്തരം സൂക്തങ്ങളുടെ പരിധിയിൽ

വരുന്നില്ല. പക്ഷേ ബന്ധം വഷളാവുകയും യുദ്ധ സാഹചര്യം ഉളവാകുകയും ചെയ്യുമ്പോൾ ശത്രുക്കൾക്ക് രഹസ്യങ്ങൾ ചോർന്നു കിട്ടാനിടയാകുന്ന എല്ലാ ബന്ധങ്ങളും തീർത്തും നിഷിദ്ധമാകുന്നു.

'നിങ്ങൾ ആരോടൊക്കെ ബന്ധപ്പെടുന്നു, അതിന്റെ താൽപര്യമായി എന്തൊക്കെ പ്രവർത്തിക്കുന്നു എന്നതൊക്കെ എത്ര രഹസ്യമാക്കിവെച്ചാലും അല്ലാഹു സൂക്ഷ്മമായി അറിയുന്നുണ്ടെന്നോർക്കണം' എന്ന താക്കീതാണ് وَٱللَّهُ خَبِيرٌۢ بِمَا تَعْمَلُونَ എന്ന സമാപന വാക്യം.

**17:** അല്ലാഹുവും റസൂലും വിഗ്രഹാരാധകരിൽനിന്ന് ഉത്തരവാദിത്വമൊഴിഞ്ഞതായും ഇനിയും ഇസ്‌ലാമിനെ എതിർത്തു നശിപ്പിക്കാനാഗ്രഹിക്കുന്നവർ ഇസ്‌ലാമിന്റെ ഭാഗത്തുനിന്നുള്ള യുദ്ധത്തെ നേരിടാൻ തയാറാകണമെന്നും വിളംബരം ചെയ്തകൂട്ടത്തിൽ, മേലിൽ വിഗ്രഹാരാധകർ മസ്ജിദുൽ ഹറാമിൽ പ്രവേശിക്കാനോ നഗ്നരായി കഅ്ബ പ്രദക്ഷിണം ചെയ്യാനോ പാടില്ലെന്നും അറിയിച്ചിരുന്നുവല്ലോ. ആ വിലക്കിന്റെ ന്യായം വ്യക്തമാക്കിയിരിക്കുകയാണ് ഈ സൂക്തങ്ങളിൽ. താൽപര്യമിതാണ്:

മനുഷ്യർ അല്ലാഹുവിനെ മാത്രം ആരാധിക്കുന്നതിനുവേണ്ടി നിശ്ചയിക്കപ്പെട്ട പ്രഥമ മന്ദിരമാണ് മക്കയിലെ കഅ്ബ. ഇക്കാര്യം *ആലുഇംറാൻ* 96-ാം സൂക്തത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. ഈ മന്ദിരം പരിപാലിക്കേണ്ടതും അതിൽ ആരാധനകൾ നടത്തേണ്ടതും ഏകനായ അല്ലാഹുവിൽ വിശ്വസിക്കുകയും അവന്റെ ശാസനകളനുസരിക്കുകയും ചെയ്യുന്നവരാണ്. ഏകദൈവത്തെ നിഷേധിക്കുകയോ വിഗ്രഹങ്ങളെ ദൈവത്തിന്റെ പങ്കാളികളെന്നാരോപിച്ച് ആരാധിക്കുകയോ ചെയ്യുന്നവർ ദൈവിക മന്ദിരങ്ങളിൽ - പള്ളികളിൽ- ഊരാളന്മാരോ ആരാധകരോ ആയിരിക്കാൻ യോഗ്യരല്ല; അവർക്കതിനവകാശവുമില്ല. കാരണം, ദൈവിക മന്ദിരത്തിൽ വിഗ്രഹങ്ങൾ സ്ഥാപിച്ചു പൂജിക്കുക എന്നതുതന്നെ, സാക്ഷാൽ ദൈവത്തെയും അവൻ അനുശാസിച്ച ധർമങ്ങളെയും തങ്ങൾ നിഷേധിച്ചിരിക്കുന്നുവെന്നതിന് അവർ സ്വയം സമർപ്പിക്കുന്ന സാക്ഷ്യങ്ങളാണ്. അതിനാൽ ഇനിമുതൽ മസ്ജിദുൽ ഹറാമിലെ ആരാധനക്കും കഅ്ബയുടെ പരിചരണത്തിനും അർഹരും അവകാശികളും ഏകദൈവത്തിൽ വിശ്വസിക്കുകയും അവനെ മാത്രം ആരാധിക്കുകയും ചെയ്യുന്ന മുസ്‌ലിംകൾ മാത്രമായിരിക്കും. മസ്ജിദുൽ ഹറാമിന്റെ നിയന്ത്രണം ഇപ്പോൾ പൂർണമായും മുസ്‌ലിംകളിലേക്ക് നീങ്ങിയിരിക്കുന്നു എന്ന അറിയിപ്പാണിത്. ഇനി വിഗ്രഹാരാധകർ ഹജ്ജിനു വരികയോ മസ്ജിദുൽ ഹറാമിൽ ജാഹിലീ ആചാരങ്ങൾ അനുഷ്ഠിക്കുകയോ ചെയ്യാൻ പാടില്ല. മുസ്‌ലിം സമൂഹത്തിന്റെ നേതൃത്വം നിശ്ചയിക്കുന്ന അമീറിന്റെ കീഴിൽ, ഇസ്‌ലാമിക ചിട്ടകളനുസരിച്ചു മാത്രമായിരിക്കും ഇനി മുതൽ ഹജ്ജു കർമങ്ങൾ നടക്കുക. مَا كَانَ لِلْمُشْرِكِينَ أَن يَعْمُرُوا۟ مَسَـٰجِدَ ٱللَّهِ എന്ന വാക്യത്തെയാണ് 'അല്ലാഹുവിന്റെ പള്ളികൾ പരിപാലിക്കാൻ വിഗ്രഹാരാധകർക്ക് അവകാശമില്ലാത്തതാകുന്നു' എന്നു തർജമ ചെയ്തിട്ടുള്ളത്. مَا كَانَ എന്ന പ്രയോഗത്തിന്റെ ആശയം നേരത്തെ പല സ്ഥലങ്ങളിലും വിശദീകരിച്ചിട്ടുള്ളതാണ്. പരിപാലനം, സംസ്കരണം, വികസനം, നിർമാണം, ശരിയായി ഉപയോഗിക്കൽ തുടങ്ങിയ ആശയങ്ങളെല്ലാം ഉൾക്കൊള്ളുന്ന عمارة-ൽ നിന്നുള്ള ക്രിയാ രൂപങ്ങളിലൊന്നാണ് يَعْمُرُوا. ഒരു വസ്തു അതിന്റെ യഥാർഥ ലക്ഷ്യം സാക്ഷാത്കരിക്കും വിധം നിർമിക്കുകയും സംരക്ഷിക്കുകയും ഉപയോഗിക്കുകയും ചെയ്യുകയാണ് عمارة-ന്റെ അടിസ്ഥാന ആശയം. വീട് നിർമിക്കുന്നതിനും വീട്ടിൽ താമസിക്കുന്നതിനും വീട് സംരക്ഷിക്കുന്നതിനും عمارة البيت എന്നു പറയും. ഭൂമിയിൽ കൃഷി ചെയ്യുന്നതും വീടുണ്ടാക്കി താമസിക്കുന്നതും عمارة الأرض ആണ്. പള്ളിയുടെ നിർമാണവും പരിപാലനവും അതിൽ ആരാധന നടത്തുന്നതും عمارة المسجد ന്റെ അർഥത്തിൽ പെടുന്നു. പ്രകൃത സന്ദർഭത്തിൽ ഇപ്പറഞ്ഞ അർഥങ്ങളെല്ലാം പ്രസക്തമാണ്. ഇവിടെ مَسَـٰجِدَ ٱللَّهِ (അല്ലാഹുവിന്റെ പള്ളികൾ) എന്നു പറഞ്ഞതിന്റെ മുഖ്യ ഉദ്ദേശ്യം, മക്കയിലെ മസ്ജിദുൽ ഹറാം ആണെന്ന് 19-ാം സൂക്തത്തിൽനിന്ന് വ്യക്തമാണ്. ഒരു മസ്ജിദിനെ മസാജിദ് എന്നു ബഹുവചനത്തിൽ പറഞ്ഞത്, ആ മസ്ജിദിന്റെ വിധി ലോകത്തിലെ എല്ലാ മസ്ജിദുകൾക്കും ബാധകമാണ് എന്ന അടിസ്ഥാനത്തിലാണ്. ലോകത്തുള്ള എല്ലാ മസ്ജിദുകളും മസ്ജിദുൽ ഹറാമിനെ കേന്ദ്രമാക്കി അതിന് അഭിമുഖമായി നിലകൊള്ളുന്നതും അല്ലാഹുവിനെ ആരാധിക്കുന്നതിനുവേണ്ടി നിർമിക്കപ്പെട്ടതുമാണല്ലോ.

مُشْرِكِين എന്ന പദംകൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നത്, കഅ്ബയുടെ പരിപാലകർ എന്ന് ഊറ്റം കൊള്ളുന്ന ഖുറൈശികളെയാണ്. സൂക്തത്തിന്റെ വിധി എല്ലാ ബഹുദൈവവിശ്വാസികൾക്കും ബാധകമായതുകൊണ്ടാണ് അവരെ പേരെടുത്തു പറയാതെ മുശ്‌രികീൻ -ബഹുദൈവവിശ്വാസികൾ- എന്ന വിശേഷണത്തിലൂടെ സൂചിപ്പിച്ചത്. അവരുടെ ബഹുദൈവവിശ്വാസത്തെയും വിഗ്രഹാരാധനയെയുമാണ് كُفر എന്നു പറഞ്ഞിരിക്കുന്നത്. ശിർക്കിനെ (ബഹുദൈവവാദത്തെ) കുഫ്റ്(സത്യനിഷേധം) എന്നു പറയുന്നതിന്റെ സാംഗത്യമിതാണ്: ബഹുദൈവവിശ്വാസത്തോടൊപ്പം യഥാർഥ ദൈവത്തെ അംഗീകരിക്കുന്നതും നിഷേധിക്കുന്നതും ഒരുപോലെയാണ്; അഥവാ പല ദൈവങ്ങളെ അംഗീകരിക്കൽ ഏകനായ സത്യദൈവത്തെ നിഷേധിക്കലാണ്. ഏകനും അവിഭാജ്യനുമായ സാക്ഷാൽ ദൈവത്തിലുള്ള വിശ്വാസം മാത്രമാണ് യഥാർഥ ദൈവവിശ്വാസം. ഏതെങ്കിലും വാക്കിന്റെയോ കർമത്തിന്റെയോ അനിവാര്യ ഫലമായി വരുന്നതായിരുന്നില്ല അറബികളുടെ ശിർക്ക്. അവരെ സംബന്ധിച്ചേടത്തോളം ബഹുത്വം ഒരു വിശ്വാസ പ്രമാണവും ദൈവസങ്കൽപത്തിന്റെ അവിഭാജ്യ ഘടകവുമായിരുന്നു. ഇങ്ങനെയുള്ളവർ ഏകനായ അല്ലാഹുവിനെ മാത്രം ആരാധിക്കുന്നതിനുവേണ്ടി ഭൂമിയിൽ നിർമിക്കപ്പെട്ട ഒന്നാമത്തെ പള്ളിയുടെ പരികർമികളും അധികാരികളുമാകാനർഹത നേടുന്നതെങ്ങനെയാണ്!

ഖുറൈശികൾ മസ്ജിദുൽ ഹറാമിന്റെ പരികർമികളെന്ന നിലയിൽ സ്വയം അഭിമാനിക്കുകയും, അവിടെ തങ്ങൾ ചെയ്യുന്ന കാര്യങ്ങളൊക്കെ മഹത്തായ ദൈവശുശ്രൂഷകളും പുണ്യകർമങ്ങളുമാണെന്ന് വിശ്വസിക്കുകയും ചെയ്തിരുന്നു. ഇവിടെ أعْمال (കർമങ്ങൾ) കൊണ്ടുദ്ദേശിച്ചിട്ടുള്ളത് അവരുടെ അത്തരം കർമങ്ങളെയാണ്. അതെല്ലാം പുണ്യങ്ങളും സൽകർമങ്ങളുമാണെന്ന വിചാരത്തെ നിഷേധിക്കുകയാണ് أُو۟لَـٰٓئِكَ حَبِطَتْ أَعْمَـٰلُهُمْ وَفِى ٱلنَّارِ هُمْ خَـٰلِدُونَ എന്ന വാക്യം. പാഴായി, ജീർണിച്ചു, നശിച്ചു എന്നൊക്കെ حبِط-ക്ക് അർഥമുണ്ട്. നല്ല ലക്ഷ്യത്തോടെ ചെയ്യുന്ന കാര്യങ്ങളുടെ ഫലഭാഗം വിപരീതമായിത്തീരുകയാണ് حبَط-യുടെ മൗലികമായ അർഥം. പുണ്യകർമം, ദൈവസേവ എന്നൊക്കെ കരുതി അവർ ചെയ്യുന്ന കാര്യങ്ങൾക്കൊന്നും യാതൊരു മൂല്യവുമില്ല. എല്ലാം അവർക്കു വിപരീത ഫലമാണ് നൽകുക എന്നാണ് ഇവിടെ ഈ പദപ്രയോഗത്തിന്റെ താൽപര്യം. وَفِى ٱلنَّارِ هُمْ خَـٰلِدُونَ എന്ന വാക്യത്തിലൂടെ വിപരീത ഫലം എന്താണെന്നു വെളിപ്പെടുത്തുകയും ചെയ്തിരിക്കുന്നു. ഏകനായ അല്ലാഹുവിൽ മാത്രം വിശ്വസിച്ചുകൊണ്ട് അവന്റെ പ്രീതി മോഹിച്ചുകൊണ്ട് ചെയ്യുന്ന കാര്യങ്ങൾ

മാത്രമേ അല്ലാഹുവിങ്കൽ സ്വീകാര്യമാകൂ. മറ്റാരെയെങ്കിലും അവന്റെ പങ്കാളികളാക്കിക്കൊണ്ട് ചെയ്യുന്നതൊക്കെയും അവന്റെ ദൃഷ്ടിയിൽ പാഴ്‌വേലകളാണ്, അത് സ്വന്തം നിലയിൽ എത്രനല്ല കാര്യമായിരുന്നാലും ശരി. കഅ്ബയുടെ പരിപാലനവും മറ്റും സ്വന്തം നിലയിൽ സൽകർമങ്ങളാണ്. പക്ഷേ കഅ്ബയെ പരിപാലിക്കുന്നത് അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടിയല്ലെങ്കിൽ അതൊരു പാഴ്‌വേലയാകുന്നു. കഅ്ബയിൽ തങ്ങൾ പ്രതിഷ്ഠിച്ചിട്ടുള്ള വിഗ്രഹങ്ങളുടെ പ്രീതിക്കുവേണ്ടിയാണെങ്കിൽ വലിയ പാപകർമവുമാകുന്നു. പുണ്യകർമങ്ങൾ സ്വീകാര്യമാകാൻ അനിവാര്യമായ ഉപാധിയാണ് സത്യവിശ്വാസം. ഇക്കാര്യം ഖുർആൻ ആവർത്തിച്ചു പറഞ്ഞിട്ടുണ്ട്:

وَمَن يَعْمَلْ مِنَ ٱلصَّـٰلِحَـٰتِ مِن ذَكَرٍ أَوْ أُنثَىٰ وَهُوَ مُؤْمِنٌ فَأُو۟لَـٰٓئِكَ يَدْخُلُونَ ٱلْجَنَّةَ

(വല്ലവരും സത്യവിശ്വാസിയായിക്കൊണ്ട് സൽകർമമനുഷ്ഠിക്കുന്നുവെങ്കിൽ സ്ത്രീയായാലും പുരുഷനായാലും അവർ സ്വർഗത്തിൽ പ്രവേശിക്കുന്നതാകുന്നു..... -4:124). അല്ലാഹുവിന്റെ ഏകത്വത്തെ നിഷേധിക്കുന്നവരുടെ കർമങ്ങളെ കുറിച്ചു പറഞ്ഞു: وَقَدِمْنَآ إِلَىٰ مَا عَمِلُوا۟ مِنْ عَمَلٍ فَجَعَلْنَـٰهُ هَبَآءً مَّنثُورًا ﴿٢٣﴾ (അവർ ചെയ്തുവച്ച ഏതു കർമമായാലും നാം ചെന്ന് അതിനെ ധൂളിയാക്കി പറത്തിക്കളയുന്നു- 25:23)

**18:** മസ്ജിദുൽ ഹറാമും മറ്റു പള്ളികളും പരിപാലിക്കാനും കൈകാര്യം ചെയ്യാനും അവകാശം ലഭിക്കുന്നതിനുള്ള യോഗ്യതകൾ വിശദീകരിക്കുകയാണീ സൂക്തം. ഏകനായ അല്ലാഹുവിലുള്ള വിശ്വാസമാണ് ഒന്നാമത്തെ യോഗ്യത. 2) അന്ത്യനാളിലും വിചാരണയിലും സ്വർഗനരകങ്ങളിലുമുള്ള വിശ്വാസം. 3) കൃത്യമായി നമസ്കരിക്കുക. 4) സകാത്തു കൊടുക്കുക. 5) അല്ലാഹുവിനെ മാത്രം ഭയപ്പെടുക. خشِي-യുടെ വർത്തമാന കാല രൂപമാണ് يخشى. ഭയപ്പെട്ടു, ഉൽകണ്ഠപ്പെട്ടു എന്നാണ് خشِي-യുടെ പ്രചുരമായ അർഥം. ഭയഭക്തി പ്രകടിപ്പിച്ചു അത്യധികം ആദരിച്ചു എന്നും അർഥമുണ്ട്. ഈ സന്ദർഭത്തിൽ രണ്ട് അർഥങ്ങളും യോജിക്കും. وَلَمْ يَخْشَ إِلَّا ٱللَّهَ -യുടെ ആശയം وَلَمْ يَعْبُد الا الله -അല്ലാഹുവിന്നല്ലാതെ ഇബാദത്ത് ചെയ്യാതിരിക്കുകയും- എന്നാണെന്നും പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. وَلَم يُشْرِك بالله-അല്ലാഹുവിൽ ആരെയും പങ്കുചേർക്കാതിരിക്കുകയും- എന്നാണെന്നുമുണ്ട് അഭിപ്രായം. അവരുടെ ദൃഷ്ടിയിൽ, അല്ലാഹുവല്ലാത്തവരെ അല്ലാഹുവിന്റെ പങ്കാളികളാക്കാൻ ആളുകളെ പ്രേരിപ്പിക്കുന്നത് അവയെക്കുറിച്ചുള്ള ഭയമാണ്. ഈ കാരണത്തെ നിഷേധിക്കുന്നതിലൂടെ അതിന്റെ കാര്യമായ ശിർക്കിനെയാണ് യഥാർഥത്തിൽ നിഷേധിക്കുന്നത്.

പള്ളികൾ കൈകാര്യം ചെയ്യുന്നവരിൽ ഈ യോഗ്യതകളെല്ലാം ഒത്തിണങ്ങിയിരിക്കണം. ഏതെങ്കിലും ഒന്നോ ചിലതോ മാത്രം ഉണ്ടായാൽ പോരാ. യഥാർഥത്തിൽ പള്ളികൾ കൈകാര്യംചെയ്യേണ്ടത് സന്മാർഗനിരതരായ ആളുകളാണ്. മുകളിൽ പറഞ്ഞ യോഗ്യതകളില്ലാത്തവർ സന്മാർഗികളാവുകയില്ല. ഈ യോഗ്യതകൾ ബാഹ്യമായി കാണപ്പെടുന്നവർ പോലും ചിലപ്പോൾ ആന്തരികമായി സന്മാർഗനിരതരായിരിക്കണമെന്നില്ല. എങ്കിലും ഇത്തരം യോഗ്യതകൾ കാണപ്പെടുന്നവരെ സന്മാർഗികളാണെന്നു പ്രതീക്ഷിക്കാം. ഈ യോഗ്യതകളൊന്നും പരിഗണിക്കാതെ, പാരമ്പര്യത്തിന്റെയും നാട്ടുപ്രമാണിത്തത്തിന്റെയും അടിസ്ഥാനത്തിൽ പള്ളികളുടെ ഭരണവും പരിപാലനവും ഏറ്റെടുക്കുകയും ഏൽപിക്കപ്പെടുകയും ചെയ്യുന്നതിനെ നിഷേധിക്കുകകൂടി ചെയ്യുന്നുണ്ട് ഈ സൂക്തം. അറബികളിലേറ്റം ആഢ്യത്വവും പ്രമാണിത്തവുമുള്ള ഗോത്രമാണ് തങ്ങളുടേത് എന്നായിരുന്നു ഖുറൈശികളുടെ വിചാരം. കഅ്ബയുടെ പരിപാലനം തങ്ങളുടെ പരമ്പരാഗതമായ അവകാശമാണെന്നും അവർ വിചാരിച്ചു. മുകളിൽ വിവരിച്ച യോഗ്യതകളുള്ളവർക്കു മാത്രമേ മസ്ജിദുൽ ഹറാം പരിപാലിക്കാൻ അർഹതയുള്ളൂ എന്ന് ഖുറൈശികളോട് പറയുന്നതിന്റെ മറ്റൊരർഥം, കേവലം പാരമ്പര്യത്തിന്റെയോ പ്രമാണിത്തത്തിന്റെയോ പേരിൽ ആരും മസ്ജിദുൽ ഹറാം പരിപാലിക്കാൻ യോഗ്യരാകുന്നില്ല എന്നാണ്.

ഇത്തരം സന്ദർഭങ്ങളിൽ عَسَى എന്നവാക്ക് അനിവാര്യതയെക്കുറിക്കുന്നുവെന്ന് ഇബ്നു അബ്ബാസ് അഭിപ്രായപ്പെട്ടിരിക്കുന്നു. മേൽപറഞ്ഞ യോഗ്യതകളുള്ളവർ അനിവാര്യമായും സന്മാർഗം പ്രാപിച്ചവരാകുന്നു എന്നാകും അപ്പോൾ അർഥം.

അനായാസം പ്രാപിക്കാവുന്ന ഒരു ലക്ഷ്യമല്ല സന്മാർഗം എന്ന സൂചന ഈ സൂക്തത്തിലുള്ളതായി ചിലർ അഭിപ്രായപ്പെട്ടിരിക്കുന്നു. അല്ലാഹുവിലും അന്ത്യനാളിലുമുള്ള അചഞ്ചലമായ വിശ്വാസം, മുറ പ്രകാരമുള്ള നമസ്കാരം, ഉദാരമായ ദാനധർമങ്ങൾ, അല്ലാഹുവിനോടു മാത്രമുള്ള ഭയഭക്തിയും കൂറും ഇവയെല്ലാം ഒത്തുചേർന്നുണ്ടാകുന്ന സവിശേഷമായ ജീവിതക്രമമാണ് സന്മാർഗം. അതിലെത്തിച്ചേരാൻ പല ക്ലേശങ്ങളും പ്രതിസന്ധികളും നേരിടേണ്ടിവരും. എന്നാൽതന്നെ അല്ലാഹുവിന്റെ ഉദവിയും സഹായവും ലഭിച്ചവർക്കേ ആ ലക്ഷ്യത്തിലെത്താൻ കഴിയൂ. അതാണ് 'അങ്ങനെയുള്ളവർ സന്മാർഗലബ്ധരാകുമെന്ന് പ്രതീക്ഷിക്കാം' എന്ന വാക്യത്തിന്റെ താൽപര്യം എന്ന് പണ്ഡിതന്മാർ നിർധാരണം ചെയ്യുന്നു. ■